**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6471** **10-11-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങളും കേന്ദ്ര സഹായവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും മറ്റ് പ്രകൃതിക്ഷോഭങ്ങളിലുമായി ഉണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം തുടങ്ങിയവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായ പ്രധാന ദുരന്തം 2021 ഒക്ടോബറിലെ ഉരുൾപൊട്ടലുകളും അതിതീവ്രമഴയും ആണ്. മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും മണ്ണിടിച്ചിലിലും 61 പേരുടെ (ഒക്ടോബർ 12 മുതൽ ഒക്ടോബർ 29 വരെ) ജീവൻ നഷ്ടപ്പെടുകയുണ്ടായി. കൂടാതെ 376 വീടുകൾ പൂർണ്ണമായി നശിക്കുകയും 2146 വീടുകൾ ഭാഗികമായി നശിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു വകുപ്പുകളുടെ കീഴിലുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരശേഖരണം നടന്നു വരികയാണ്. |
| (ബി) | ഇവ മൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ബാധ്യതയുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഒക്ടോബറിൽ ഉണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും സംഭവിച്ച നാശനഷ്ടങ്ങളുടെ വിവരശേഖരണം നടന്നുവരികയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ സാമ്പത്തിക ബാധ്യത എത്രയെന്നു കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ കേന്ദ്രസഹായം അഭ്യർത്ഥിച്ചു; എത്ര ലഭ്യമായി; വ്യക്തമാക്കുമോ ; | (സി) | യഥാർത്ഥ നാശനഷ്ടം തിട്ടപ്പെടുത്തുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട എത്ര പേർക്ക് ധനസഹായം നൽകി; എത്ര പേർക്ക് വീട് നിർമ്മിച്ചു നൽകാനുള്ള നടപടികൾ ആരംഭിച്ചു; എന്തൊക്കെ പുനർനിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു; ഇതിനായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 2021 ഒക്ടോബർ 12 മുതൽ 29 വരെ ഉള്ള നാശ നഷ്ടങ്ങളുടെ കണക്കുകൾ അതാത് വകുപ്പുകൾ തിട്ടപ്പെടുത്തി സർക്കാരിലേക്ക് ലഭ്യമാക്കുന്ന മുറക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അർഹമായ തുക വകുപ്പുകൾക്ക് അനുവദിക്കുന്നതും അതാത് വകുപ്പുകൾ മുഖേന അർഹരായവർക്ക് ആശ്വാസധനം അനുവദിക്കുന്നതുമാണ്. ഒക്ടോബറിലെ മഴക്കെടുതിയിൽ ജീവനും സ്വത്തിനും നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ(കൈ) 5/2021/ദു.നി.വ പ്രകാരം പുറത്തിറക്കിയിട്ടുണ്ട്. വ്യക്തിഗത നാശനഷ്ടങ്ങളുടെ തോത് വിലയിരുത്തി |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി ധനസഹായം വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ